# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് ഇരുപത്തൊമ്പത്

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ചയും

## (5)

## രാജാവിന്റെ ശുശ്രൂഷയുടെ വികാസവും

## (1)

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച

## (5)

Sat

മത്തായി 9-ൽ ക്രിസ്തുവിനെ വൈദ്യനായും, മണവാളനായും, ചുരുങ്ങാത്ത തുണിയായും, പുതിയ വീഞ്ഞായും, പുതിയ തുരുത്തിയായും വെളിപ്പെടുത്തിയിരിക്കുന്നു. ഇതിനെത്തുടർന്ന്, ക്രിസ്തുവിന്റെ അധികമായ വെളിപാട് ആവശ്യമുണ്ട്. ഈ വെളിപാടിന് മറ്റൊരു വശത്തിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ പ്രാപ്തമാക്കുന്ന ഒരു പ്രത്യേക പരിതസ്ഥിതി ആവശ്യമാണ്. ക്രിസ്തുവിനെ നമുക്ക് വെളിപ്പെടുത്തുന്നത് ഉപദേശത്തിന്റെ ഒരു വിഷയമല്ല. ക്രിസ്തുവിനെ വെളുപ്പെടുത്തേണ്ടതിനായി എല്ലായ്പ്പോഴും ഒരു പ്രത്യേക പരിതസ്ഥിതി ആവശ്യമുണ്ട്. ഒമ്പതാം അധ്യായം മധുരകരവും, മനോഹരവും, സന്തോഷപ്രദവുമായ വളരെയധികം വശങ്ങളിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ഒമ്പതാം അധ്യായത്തിൽ ക്രിസ്തുവിന്റെ വെളിപാടിന് ആവശ്യമായ പരിതസ്ഥിതി അവന്റെ ശുശ്രൂഷയാൽ ഉളവാക്കപ്പെട്ടു. ക്രിസ്തു നമുക്ക് വെളിപ്പെടേണ്ടതിന് ഒരു പ്രത്യേക പരിതസ്ഥിതി ഉണ്ടായിരിക്കണം; ആ പരിതസ്ഥിതി എല്ലായ്പ്പോഴും ക്രിസ്തുവിന്റെ ശുശ്രൂഷയിൽനിന്നു വരുന്നു. നാലാം അധ്യായത്തിൽ ക്രിസ്തു ശുശ്രൂഷിക്കുവാൻ ആരംഭിച്ചു. നാലു ശിഷ്യന്മാരെ വിളിക്കുകയും വലിയ പുരുഷാരത്തെ ആകർഷിക്കുകയും ചെയ്തതിനുശേഷം അവൻ മലയിലേക്ക് കയറിപ്പോകുകയും അവിടെവച്ച് അവൻ

സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം നൽകുകയും ചെയ്തു. മലയിൽനിന്നും ഇറങ്ങിവന്നതിനുശേഷം അവൻ തന്റെ ശുശ്രൂഷ തുടർന്നു. മലയിൽവച്ച് ഭരണഘടന നൽകുന്നതിനു മുമ്പുള്ള അവന്റെ ശുശ്രൂഷ ഭരണഘടനയ്ക്ക് നല്ലതായിരുന്നു, എന്നാൽ അവൻ ആരാണെന്നും അവൻ എന്താണെന്നുമുള്ള കൂടുതലായ വെളിപാടിന് അത് മതിയായതായിരുന്നില്ല. ഒമ്പതാം അധ്യായത്തിൽ കാണപ്പെടുന്ന മനോഹരമായ കാര്യങ്ങൾ വെളിപ്പെടുത്തുന്നതിനായി അവന്റെ ശുശ്രൂഷ തുടരേണ്ട ആവശ്യമുണ്ടായിരുന്നു. ഈ തുർന്നുള്ള ശുശ്രൂഷ രാജാവായി മാത്രമല്ല, പിന്നെയോ വൈദ്യനായും, മണവാളനായും, പുതിയ തുണിയായും, പുതിയ വീഞ്ഞായും, പുതിയ തുരുത്തിയായും വെളിപ്പെടുത്താനുള്ള പരിതസ്ഥിതി സൃഷ്ടിച്ചു. ഇങ്ങനെയുള്ള ഒരു രീതിയിൽ നിങ്ങൾ ഈ ശുശ്രൂഷയെ കാണുന്നില്ലെങ്കിൽ, ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപാടിനുവേണ്ടി ഈ ശുശ്രൂഷയാൽ സൃഷ്ടിക്കപ്പെട്ട പരിതസ്ഥിതിയെ നിങ്ങൾക്ക് കാണുവാൻ കഴിയുന്നില്ലെങ്കിൽ, ക്രിസ്തു എന്താകുന്നു എന്ന സകല കാര്യങ്ങളെയും നിങ്ങൾക്ക് കാണുവാൻ കഴിയുന്നില്ലെങ്കിൽ, മത്തായിയുടെ സുവിശേഷത്തിൽനിന്നും യാതൊന്നും ലഭിക്കാതെ നൂറു തവണ നിങ്ങൾ അതു വായിച്ചേക്കാം. ഇത് നിങ്ങൾക്ക് കഥകളുടെയോ ഉപദേശങ്ങളുടെയോ ഒരു പുസ്തകമായി തോന്നാം. എന്നാൽ ഈ പുസ്തകത്തിൽനിന്നും നിങ്ങൾ യാതൊരു ജീവനും ഒരിക്കലും സ്വീകരിക്കുകയില്ല. മത്തായിയുടെ സുവിശേഷത്തിൽ നിങ്ങൾ വെളിച്ചം കാണണമെങ്കിൽ, നിങ്ങൾ ഒന്നാമതായി സ്വർഗീയ രാജാവിനെ കാണണം. അവൻ അഭിഷേകം പ്രാപിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതിനുശേഷം തന്റെ ശുശ്രൂഷ ആരംഭിച്ചു. അവന്റെ ശുശ്രൂഷ നിർണ്ണായകമാണ്, കാരണം അവനെ വെളിപ്പെടുത്തുന്നതിന് അത് തികച്ചും അനിവാര്യമാണ്. അവൻ വൈദ്യനും, മണവാളനും, പുതിയ തുണിയും, പുതിയ വീഞ്ഞും, പുതിയ തുരുത്തിയും ആണെന്ന് ക്രിസ്തു കേവലം നമ്മോടു പറയുകയില്ല. അത് ഒരു സെമിനാരിയിൽ ഉപദേശം നൽകുന്നതു പോലെയായിരിക്കും. ഒരു കൂട്ടം ജനത്തെ ഒരുമിച്ചു കൂട്ടുകയും അവരോട് ക്രിസ്തു എന്താണെന്നു മാത്രം അവരോടു പറയുന്നതും എത്ര പരിതാപകരമാണ്. ഞാൻ ആവർത്തിക്കട്ടെ, ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപാട് പ്രാപിക്കുന്നതിന്, അവന്റെ ശുശ്രൂഷയാൽ സൃഷ്ടിക്കപ്പെട്ട പരിതസ്ഥിതിയുടെ ആവശ്യമുണ്ട്.

തന്റെ ശുശ്രൂഷയുടെ തുടർച്ചയിൽ രാജാവ് നിരവധി അടയാളങ്ങൾ ചെയ്തു. അവൻ കുഷ്ഠരോഗിയെ സൗഖ്യമാക്കി, അവൻ റോമാ ശതാധിപന്റെ ബാല്യക്കാരനെ സൗഖ്യമാക്കി, അവൻ പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കി. ഇതിനെത്തുടർന്ന് അവൻ വലിയോരു പുരുഷാരത്തെ സൗഖ്യമാക്കി. ഇതായിരുന്നു

അവന്റെ ശുശ്രൂഷ. രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽനിന്നും വ്യത്യസ്തമായിരുന്നു, കാരണം ആരംഭത്തിൽ യുഗപരമായ അടയാളങ്ങളൊന്നും ഉണ്ടായിരുന്നില്ല. മറിച്ച്, അവൻ ജനത്തെ ബന്ധപ്പെടുകയും, അവരെ ആകർഷിക്കുകയും, അവരെ കൈവശമാക്കുകയും ചെയ്തു. ഒരു വലിയ പുരുഷാരം അവനെ അനുഗമിച്ചതുകൊണ്ട് സ്വർഗ രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം നടത്തുവാൻ അവൻ പ്രാപ്തനായിരുന്നു.

മത്തായി രാജ്യത്തിന്റെ പുസ്തകമാണെങ്കിലും, ഇത് ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപാടിന്റെ പുസ്തകവും ആണ്. ഒരു ദിവസം ക്രിസ്തു തന്റെ ശിഷ്യന്മാരെ കൈസര്യ ഫിലിപ്പിയിലേക്ക് നയിക്കുകയും, "മനുഷ്യർ മനുഷ്യപുത്രനെ ആരെന്നു പറയുന്നു?" എന്ന് അവരോട് ചോദിക്കുകയും ചെയ്തു (16.13). അവർ ചില ഉത്തരങ്ങൾ നൽകിയതിനുശേഷം അവൻ അവരോടു ചോദിച്ചു, "എന്നാൽ നിങ്ങൾ, ഞാൻ ആരാകുന്നു എന്നു പറയുന്നു?" (വാ. 15). ഇതു സൂചിപ്പിക്കുന്നത് രാജ്യത്തിന്റെ പുസ്തകം ക്രിസ്തു ആരാണെന്ന് വെളിപ്പെടുത്തുന്നു എന്നാണ്. ഈ പുസ്തകത്തിലെ ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപാടുകൾ കാണുന്നത് എന്തൊരു അനുഗ്രഹമാണ്! ഒന്നാം അധ്യായത്തിലെ ക്രിസ്തുവിന്റെ വംശാവലി ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടാണ്. ക്രിസ്തു ദാവീദിന്റെ പുത്രനാണെന്നും, അബ്രാഹാമിന്റെ പുത്രനാണെന്നും, ദാവീദിന്റെ പിൻതുടർച്ചക്കാരുടെ രണ്ട് രേഖകളെ ഒരുമിപ്പിക്കുന്ന ഒരു വിവാഹത്തിന്റെ ഫലമാണെന്നും അത് വെളിപ്പെടുത്തുന്നു. മത്തായി ഒന്നാം അധ്യായമനുസരിച്ച് യേശു അത്ര ലളിതനല്ല. അവൻ രക്ഷകനായ യഹോവയും, ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനുവേലും ആണ്. ക്രിസ്തു ദാവീദിന്റെ പുത്രനും, അബ്രാഹാമിന്റെ പുത്രനും, സ്ത്രീയുടെ സന്തതിയും, രക്ഷകനായ യഹോവയും, ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനുവേലും ആണ്. രണ്ടാം അധ്യായത്തിൽ ഒരു രാജാവെന്ന നിലയിൽ അവൻ സന്ദർശിക്കപ്പെട്ടു. അങ്ങനെ, അവൻ ഒരു രാജാവാണെന്ന് രണ്ടാം അധ്യായം വെളിപ്പെടുത്തുന്നു. മൂന്നാം അധ്യായത്തിൽ ഈ രാജാവ് ശുപാർശ ചെയ്യപ്പെടുകയും, അഭിഷേകം ചെയ്യപ്പെടുകയും, നാലാം അധ്യായത്തിൽ അവൻ പരീക്ഷിക്കപ്പെടുകയും, യോഗ്യനാക്കപ്പെടുകയും, അംഗീകരിക്കപ്പെടുകയും ചെയ്തു. പിന്നീട് അവന്റെ പരീക്ഷയ്ക്കുശേഷം ഈ രാജാവ് തന്റെ ശുശ്രൂഷയിലേക്കു വന്നു. തന്റെ ശുശ്രൂഷയുടെ മുഖാന്തരത്താൽ അവൻ ജനക്കൂട്ടത്തെ ആകർഷിച്ചു. സ്വർഗരാജ്യത്തിന്റെ ഭരണഘടന നൽകിയതിനുശേഷം, യുഗപരമായ പ്രാധാന്യത്തോടുകൂടെ ചില അടയാളങ്ങൾ ചെയ്തുകൊണ്ട് അവൻ തന്റെ ശുശ്രൂഷ തുടർന്നു. അവൻ ഒന്നാമതായി യെഹൂദന്മാർക്ക് രക്ഷയുമായി വന്നു

എന്നും, അതിനുശേഷം യെഹൂദന്മാരിൽനിന്നു ജാതികളിലേക്ക് തിരിഞ്ഞു എന്നും ഈ അടയാളങ്ങൾ സൂചിപ്പിക്കുന്നു. ജാതികളുടെ രക്ഷയുടെ നിറവിനുശേഷം ക്രിസ്തു തന്റെ രക്ഷയെ യെഹൂദന്മാരിലേക്ക് മടക്കിക്കൊണ്ടുവരുമെന്നും ഈ അടയാളങ്ങൾ സൂചിപ്പിക്കുന്നു. പിന്നീട് സഹസ്രാബ്ദത്തിന്റെ സമയത്ത് മുഴുവൻ ഭൂമിയുടെയും പുനഃസ്ഥാപനം സംഭവിക്കും. ആ സമയത്ത് എല്ലാ രോഗങ്ങളും സൗഖ്യമാക്കപ്പെടും. രാജാവിന്റെ ശുശ്രൂഷയുടെ ഈ തുടർച്ചയിലൂടെ ഒരു പരിതസ്ഥിതി—ഒരു വിരുന്ന്—ഒരുക്കപ്പെട്ടു. ഈ വിരുന്ന് ക്രിസ്തുവിന്റെ ശുശ്രൂഷയിൽനിന്നു വന്നു. തന്റെ ശുശ്രൂഷയിലൂടെ കർത്താവ് മത്തായി എന്നു വിളിക്കപ്പെട്ട ഒരു ചുങ്കക്കാരനായ ഒരു പാപിയെ നേടുകയും, അവൻ കർത്താവിനും അവന്റെ ശിഷ്യന്മാർക്കും ഒരു വലിയ വിരുന്നൊരുക്കുകയും ചെയ്തു. ഈ വിരുന്നിലേക്ക് ചുങ്കക്കാരും പാപികളുമായ തന്റെ അനവധി സ്നേഹിതന്മാരെയും മത്തായി ക്ഷണിച്ചു. നിങ്ങളുടെ സ്നേഹിതനെ നോക്കുന്നതിലൂടെ നിങ്ങൾ എന്തു തരം വ്യക്തിയാണെന്ന് നമുക്ക് അറിയാം എന്നൊരു ചൊല്ലുണ്ട്. ചുങ്കക്കാരനായ മത്തായിക്ക് ചുങ്കക്കാരും പാപികളുമായ സ്നേഹിതന്മാർ ഉണ്ടായിരുന്നു. മത്തായി ഒരുക്കിയ വിരുന്ന്, വൈദ്യനായും, മണവാളനായും, നമ്മെ ആവരണംചെയ്യാനുള്ള പുതിയ തുണിയായും, നമ്മെ നിറയ്ക്കാനുള്ള പുതിയ വീഞ്ഞായും, നാം സ്വീകരിച്ച വീഞ്ഞ് സൂക്ഷിക്കാനുള്ള പുതിയ തുരുത്തിയായും അവനെത്തന്നെ വെളിപ്പെടുത്തുവാൻ ക്രിസ്തുവിന് ശരിയായ പരിതസ്ഥിതിയായിരുന്നു. തന്റെ ശുശ്രൂഷയാൽ ഉളവായ പരിതസ്ഥിതിയിലൂടെ ക്രിസ്തുവിനെ ഈ എല്ലാ വശങ്ങളിലും മത്തായി വെളിപ്പെടുത്തി.

ഇന്നും സാഹചര്യം ഇതുപോലെ തന്നെയാണ്. ശുശ്രൂഷയെക്കൂടാതെ, ക്രിസ്തുവിന്റേതായ യാതൊന്നിനെയും, സഭയെ സംബന്ധിച്ച യാതൊന്നിനെയും വെളിപ്പെടുത്തുവാൻ കഴിയുകയില്ല. കുറച്ച് ആളുകളെ ഒരുമിച്ചു കൂട്ടി ഒരു പ്രസംഗം നടത്തുവാൻ എനിക്ക് കഴിയുകയില്ല. അത്തരത്തിലുള്ള പരിതസ്ഥിതിയിൽ എനിക്ക് യാതൊന്നും പറയാനില്ല. എന്നാൽ ശരിയായ പരിതസ്ഥിതിയിൽ ഒന്നിനു പുറകെ മറ്റൊന്നായി എനിക്ക് ക്രിസ്തുവിന്റെ ഓരോ വശത്തെക്കുറിച്ച് നിങ്ങളോടു പറയുവാൻ കഴിയും. എന്തൊരു ക്രിസ്തുവാണ് നമുക്കുള്ളത്! തന്റെ ശുശ്രൂഷയ്ക്കും തന്റെ ശുശ്രൂഷയിലൂടെ അവൻ സൃഷ്ടിക്കുന്ന പരിതസ്ഥിതിക്കുമായി നാം കർത്താവിന് സ്തോത്രം ചെയ്യണം. പഴയ മതത്തിലെ പരീശന്മാരെയും പുതിയ മതത്തിലെ യോഹന്നാന്റെ ശിഷ്യന്മാരെയുംപോലും കർത്താവ് ഉപയോഗിച്ചു. പഴയ മതം അവനെ വൈദ്യനായും പുതിയ മതം അവനെ മണവാളനായും, പുതിയ തുണിയായും, പുതിയ വീഞ്ഞായും, പുതിയ തുരുത്തിയായും വെളിപ്പെടുത്താനുള്ള അവസരം കർത്താവായ

യേശുവിന് നൽകി. "പരീശന്മാരേ നന്ദി, യോഹന്നാന്റെ ശിഷ്യന്മാരേ നന്ദി. നിങ്ങളെക്കൂടാതെ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയുള്ള ഒരു ദർശനം ഞങ്ങൾക്ക് ഉണ്ടായിരിക്കുവാൻ കഴിയുമായിരുന്നില്ല. ഞങ്ങളുടെ സ്വർഗീയ രാജാവ് വൈദ്യനും, മണവാളനും, പുതിയ തുണിയും, പുതിയ വീഞ്ഞും, പുതിയ തുരുത്തിയും ആണെന്ന് ഞങ്ങൾ ഒരിക്കലും അറിയുമായിരുന്നില്ല" എന്നു നാം പറയണം.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ യാതൊന്നും കാണാതെ മത്തായി എട്ടും ഒമ്പതും അധ്യായങ്ങൾ വായിച്ചിരുന്നു. പുതിയ തുണിയെയും, പുതിയ വീഞ്ഞിനെയും, പുതിയ തുരുത്തിയെയുംകുറിച്ച് ഞാൻ വായിച്ചുവെങ്കിലും, ഈ കാര്യങ്ങളൊന്നും എന്റെമേൽ യാതൊരു മതിപ്പും ഉണ്ടാക്കിയില്ല. പിന്നീട്, ശരിയായ പരിതസ്ഥിതിയിൽ, കർത്താവായ യേശു എത്ര മാധുര്യവാനും സന്തോഷപ്രദനുമാണെന്ന് കാണുവാൻ എന്റെ കണ്ണുകൾ തുറക്കപ്പെട്ടു. ഓ, അവൻ നമ്മുടെ മണവാളനാണ്! എത്ര സന്തോഷപ്രദം! അവൻ നമ്മുടെ ആവരണമായ പുതിയ തുണിയും, നമ്മെ നിറയ്ക്കാനുള്ള പുതിയ വീഞ്ഞുമാണ്. അവൻ പുതിയ തുരുത്തിയും, അഥവാ പാത്രവും ആണ്. ഈ നാലു കാര്യങ്ങൾ സൂചിപ്പിക്കുന്ന നാലുതരം ക്രിസ്ത്യാനികളെ കാണുവാനും എനിക്ക് ഇടവന്നു: ആധുനികവാദികളും, മൗലികവാദികളും, ആന്തരിക ജീവജനവും, സഭാജനവും. സഭാജനത്തോടു കൂടെയായിരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. പുതിയ തുരുത്തിയിലായിരിക്കുന്നത് ഞാൻ ആസ്വദിക്കുന്നു. പുതിയ വസ്ത്രത്താൽ ഞാൻ മൂടപ്പെടുകയും, പുതിയ വീഞ്ഞ് ഞാൻ കുടിക്കുകയും, മണവാളന്റെ സാന്നിധ്യത്തെ ആസ്വദിച്ചുകൊണ്ട് പുതിയ തുരുത്തിയിൽ ഞാൻ ആയിരിക്കുകയും ചെയ്യുന്നു. ഇത് എത്ര മനോഹരമാണ്! ഇതാണ് നമ്മുടെ ക്രിസ്തു! ഇന്ന്, സഭ എന്താണെന്ന് നമുക്കറിയില്ല. നാം ക്രിസ്തുവിനെ സഭയായി അനുഷ്ഠിക്കുന്നു! കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ക്രിസ്തു നമ്മുടെ മണവാളനും, നമ്മുടെ പുതിയ വസ്ത്രവും, നമ്മുടെ പുതിയ വീഞ്ഞും, നമ്മുടെ പുതിയ തുരുത്തിയും ആണ്. അതുകൊണ്ട്, നമുക്ക് ഒരു പുതിയ പദപ്രയോഗം ഉപയോഗിക്കാം: നാം "ക്രിസ്തുവിനെ സഭയായി അനുഷ്ഠിക്കുന്നു."

## VI. യുഗപരമായ പ്രാധാന്യത്തോടുകൂടെയുള്ള അടയാളങ്ങൾ ആവർത്തിക്കുന്നു

9:18-34-ൽ നമുക്ക് യുഗപരമായ പ്രാധാന്യത്തോടുകൂടെയുള്ള അടയാളങ്ങളുടെ ആവർത്തനമുണ്ട്. ഈ വാക്യങ്ങൾ ഈ യുഗത്തിന്റെയും വരാനുള്ള യുഗത്തിന്റെയും സംക്ഷിപ്തമായ ഒരു ചിത്രം നൽകുന്നു. തന്മൂലം, 8:1-17-ലുള്ളതുപോലെ ഈ വിവരണത്തിനും യുഗപരമായ പ്രാധാന്യമുണ്ട്. സിനഗോഗിലെ പ്രമാണിയുടെ മകൾ യെഹൂദന്മാരെ പ്രതിനിധീകരിക്കുകയും,

രക്തസ്രവമുള്ള സ്ത്രീ ജാതികളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. മകൾ മരിച്ചപ്പോൾ സ്ത്രീ സൗഖ്യം പ്രാപിച്ചു. സ്ത്രീ സൗഖ്യമാക്കപ്പെട്ടപ്പോൾ മകൾ പുനർജീവിപ്പിക്കപ്പെട്ടു. ഇതിനെത്തുടർന്ന് രണ്ടു കുരുടന്മാരും, ഒരു ഊമനും സൗഖ്യമാക്കപ്പെട്ടു. യെഹൂദന്മാർ ഛേദിക്കപ്പെടുമ്പോൾ ജാതികൾ രക്ഷിക്കപ്പെടുമെന്നും, ജാതികളുടെ രക്ഷയുടെ നിറവിനുശേഷം യെഹൂദന്മാർ രക്ഷിക്കപ്പെടുമെന്നും കാണിക്കുന്ന ഒരു മുൻകുറിയാണിത് (റോമ. 11:15, 17, 19, 23-26). ഇതിനെത്തുടർന്ന് സഹസ്രാബ്ദം ആരംഭിക്കും, ആ സമയത്ത് എല്ലാ കുരുടന്മാരും ഊമന്മാരും സൗഖ്യം പ്രാപിക്കും (യെശ. 35:5-6).

## A. സിനഗോഗിലെ പ്രമാണിയുടെ മകൾ മരിച്ചു

വാക്യം 18 പറയുന്നു, "അവൻ ഈ കാര്യങ്ങൾ അവരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇതാ ഒരു പ്രമാണി വന്ന്, എന്റെ മകൾ ഇപ്പോൾ മരിച്ചുപോയി, എന്നാൽ നീ വന്ന്, നിന്റെ കൈ അവളുടെമേൽ വയ്ക്കേണം, അവൾ ജീവിക്കും എന്നു പറഞ്ഞുകൊണ്ട് അവനെ ആരാധിച്ചു." ഇവിടെ പറയുന്ന പ്രമാണി "അവൻ പ്രകാശിപ്പിക്കും" അഥവാ "പ്രകാശിപ്പിക്കപ്പെട്ടു" എന്നർഥമുള്ള യായീറോസ് എന്നു പേരുള്ള സിനഗോഗിലെ പ്രമാണിയാണ് (മർക്കൊ. 5:22; ലൂക്കൊ. 8:41); ഇത് സൂചിപ്പിക്കുന്നത് കർത്താവ് ജാതികളെ പ്രകാശിപ്പിക്കുമെന്നും, അവർ പ്രകാശിപ്പിക്കപ്പെടുമെന്നുമാണ് (പ്രവൃ. 13:46-48). മർക്കൊസിലെയും ലൂക്കൊസിലെയും വിവരണമനുസരിച്ച് ഈ പ്രമാണിയുടെ മകൾക്ക് പന്ത്രണ്ടു വയസ്സ് പ്രായമുണ്ടായിരുന്നു. ഈ പ്രമാണിക്ക് സ്വർഗീയ രാജാവിൽ താല്പര്യം ഉണ്ടായിരുന്നെങ്കിലും, ശതാധിപനെപ്പോലെ അത്രത്തോളം വിശ്വാസമുണ്ടായിരുന്നില്ല. തന്റെ വീട്ടിലേക്ക് കർത്താവു വരേണ്ടതില്ലെന്ന് ശതാധിപൻ കർത്താവായ യേശുവിനോടു പറഞ്ഞു. കർത്താവ് ഒരു വാക്ക് സംസാരിച്ചാൽ മാത്രം മതിയായിരുന്നു. സിനഗോഗിലെ ഈ പ്രമാണിക്ക് ഇത്തരത്തിലുള്ള വിശ്വാസം ഉണ്ടായിരുന്നെങ്കിൽ, അവന്റെ മകൾ സൗഖ്യം പ്രാപിക്കുമായിരുന്നു. എന്നാൽ, കർത്താവ് തന്റെ വീട്ടിലേക്കു വന്ന് അവന്റെ കൈ തന്റെ മകളുടെമേൽ വയ്ക്കുവാൻ അവൻ കർത്താവിനോട് ആവശ്യപ്പെട്ടു. അവന്റെ വിശ്വാസം ഇത്രയും ദൂരമേ പോയുള്ളൂ, അതിൽക്കൂടുതൽ പോയില്ല. അവനോടു സഹതപിച്ചുകൊണ്ട് കർത്താവായ യേശു എഴുന്നേറ്റ് അവനെ അനുഗമിച്ചു.

## B. രക്തസ്രവമുള്ള ഒരു സ്ത്രീയെ സൗഖ്യമാക്കുന്നു

കർത്താവ് പ്രമാണിയുടെ വീട്ടിലേക്ക് പോകുകയായിരുന്നപ്പോൾ, പന്ത്രണ്ടു വർഷമായി രക്തസ്രവത്തിന്റെ അസുഖമുണ്ടായിരുന്ന

ഒരു സ്ത്രീ "പുറകിൽനിന്നു വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊട്ടു." ഈ സ്ത്രീ രക്തപ്രവാഹത്താൽ, രക്തത്തിന്റെ ഒഴുക്കോ സ്രവമോ മൂലം, കഷ്ടം സഹിക്കുകയായിരുന്നു (ലേവ്യ. 15:25). ജഡത്തിന്റെ ജീവൻ രക്തത്തിലാണ് (ലേവ്യ. 17:11). തന്മൂലം, ഈ രോഗം പിടിച്ചുവയ്ക്കാനാകാത്ത ജീവനെ സൂചിപ്പിക്കുന്നു. സ്ത്രീ പ്രമാണിയുടെ മകളുടെ പ്രായമായ പന്ത്രണ്ടു വർഷമായി രോഗിയായിരുന്നു (ലൂക്കൊ. 8:42). ഈ സ്ത്രീ പുറകിൽനിന്നും കർത്താവിനെ സമീപിക്കുകയും അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊടുകയും ചെയ്തുകൊണ്ട്, "അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ ഞാൻ സൗഖ്യമാകും" എന്ന് തന്നിൽത്തന്നെ പറഞ്ഞു. ജാതികളെ പ്രതിനിധീകരിക്കുന്ന സ്ത്രീയും 8:5-10-ലെ ശതാധിപനും, ഇരുവരും ഇവിടെ കർത്താവിനെ ബന്ധപ്പെടുവാൻ വിശ്വാസത്തോടുകൂടെ എന്ന ഒരേ രീതിയിൽ വന്നു. കർത്താവ് പ്രമാണിയുടെ വീട്ടിലേക്കു പോകുന്ന വഴിമധ്യേ അവൾ സൗഖ്യം പ്രാപിച്ചു. യിസ്രായേൽഗൃഹത്തിലേക്കുള്ള വഴിയിലായിരിക്കുമ്പോൾ ജാതികൾ രക്ഷ പ്രാപിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

കർത്താവിന്റെ വസ്ത്രം ക്രിസ്തുവിന്റെ നീതിപ്രവൃത്തികളെയും, വിളുമ്പ് സ്വർഗീയ ഭരണത്തെയും സൂചിപ്പിക്കുന്നു. സംഖ്യ 15:38-40 അനുസരിച്ച് യിസ്രായേല്യരായ ആണുങ്ങൾ അവരുടെ വസ്ത്രങ്ങളിൽ ഒരു നീല വിളുമ്പ്, നീല നിറത്തിലുള്ള ഒരു നാട ധരിക്കണമായിരുന്നു. അവരുടെ ജീവിതം, അവരുടെ നടപ്പ് സ്വർഗീയ പരിമിതിയാൽ നിയന്ത്രിക്കപ്പെട്ടിരുന്നുവെന്ന് ഇത് അർഥമാക്കി. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ ഒരുപക്ഷെ ഈ രീതിയിൽ വസ്ത്രംധരിച്ചിരുന്നു. മാനുഷിക പെരുമാറ്റത്തിലുള്ള നന്മകളെ വസ്ത്രങ്ങൾ സൂചിപ്പിക്കുന്നു. കർത്താവായ യേശുവിന്റെ മാനുഷിക നന്മയിൽ സൗഖ്യമാക്കുന്ന ശക്തി ഉണ്ടായിരുന്നു. അതുകൊണ്ട്, രോഗമുള്ള സ്ത്രീ അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊട്ടപ്പോൾ അവന്റെ നന്മയുടെ ശക്തി അവളിലേക്കു പോകുകയും, അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സ്വർഗ-നിയന്ത്രിത പ്രവൃത്തികളിൽനിന്ന് സൗഖ്യമാക്കുന്ന ശക്തിയായിത്തീരുന്ന നന്മകൾ വരുന്നു (മത്താ. 14:36).

കർത്താവ് യെഹൂദന്മാരുടെ അടുക്കലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ ജാതികളാൽ അവൻ സന്ധിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്തുവെന്ന് രക്തസ്രവമുണ്ടായിരുന്ന സ്ത്രീയുടെ സൗഖ്യം സൂചിപ്പിക്കുന്നു. ചരിത്രമനുസരിച്ച് ജാതികൾ രോഗികളും, യെഹൂദന്മാർ മരിക്കുവാൻവേണ്ടി വളർന്നുകൊണ്ടിരിക്കുകയുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജാതികൾ രോഗികളും, യെഹൂദന്മാർ മരിച്ചുകൊണ്ടിരിക്കുന്നവരും ആണ്. യെഹൂദ പെൺകുട്ടിക്ക് പന്ത്രണ്ടു വയസ്സും സ്ത്രീ പന്ത്രണ്ടു വർഷമായി രോഗിയും ആയിരുന്നു. പന്ത്രണ്ടു വർഷമായി സ്ത്രീ

രക്തസ്രവത്താൽ കഷ്ടം സഹിക്കുകയും, പന്ത്രണ്ടു വർഷമായി പെൺകുട്ടി മരിക്കുവാനായി വളർന്നുകൊണ്ടിരിക്കുകയും ചെയ്തു. ജാതികൾ പാപകരമായ കാര്യങ്ങളാൽ രോഗികളായിരിക്കുമ്പോൾ, യെഹൂദന്മാർ മരിക്കുവാനായി വളർന്നുകൊണ്ടിരിക്കുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. സ്ത്രീ സൗഖ്യമാക്കപ്പെട്ടതിനു ശേഷം കർത്താവായ യേശു യെഹൂദ പ്രമാണിയുടെ വീട്ടിൽ എത്തി. ജാതികളുടെ രക്ഷ പൂർണ്ണമാകുമ്പോൾ ക്രിസ്തു യിസ്രായേൽഗൃഹത്തിൽ എത്തുമെന്ന് ഇതു സൂചിപ്പിക്കുന്നു.

## C. സിനഗോഗിലെ പ്രമാണിയുടെ മകളുടെ സൗഖ്യം

23 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ നമുക്ക് സിനഗോഗിലെ പ്രമാണിയുടെ മകളുടെ സൗഖ്യമുണ്ട്. ഈ യുഗത്തിന്റെ അന്ത്യത്തെ പ്രതിനിധാനം ചെയ്യുന്ന ഇവിടെയുള്ള മകളും 8:14-15-ലെ പത്രൊസിന്റെ അമ്മാവിയമ്മയും, കർത്താവിന്റെ വരവിനാലും നേരിട്ടുള്ള സ്പർശനത്താലും ഒരു വീട്ടിൽവച്ച് സൗഖ്യമാക്കപ്പെട്ടു. ഈ യുഗത്തിന്റെ അന്ത്യത്തിൽ യെഹൂദന്മാരുടെ സകല ശേഷിപ്പും കർത്താവിന്റെ വരവിനാലും അവന്റെ നേരിട്ടുള്ള സ്പർശനത്താലും യിസ്രായേൽഗൃഹത്തിൽവച്ച് രക്ഷിക്കപ്പെടുമെന്ന് ഇതു സൂചിപ്പിക്കുന്നു (റോമ. 11:25-26; സെഖ. 12:10).

യേശു പ്രമാണിയുടെ വീട്ടിലേക്കു വരുകയും കുഴലൂതുന്നവരെയും ആരവമുണ്ടാക്കുന്ന പുരുഷാരത്തെയും കാണുകയും ചെയ്തപ്പോൾ അവൻ പറഞ്ഞു, "മടങ്ങിപ്പോകുവിൻ, ബാലിക മരിച്ചിട്ടില്ല, ഉറങ്ങുകയത്രേ. അവരോ അവനെ പരിഹസിച്ച് ചിരിച്ചു" (വാ. 23-24). തന്റെ ശുശ്രൂഷയിൽ കർത്താവ് ഒരിക്കലും പുരുഷാരത്തെ ശ്രദ്ധിച്ചില്ല. വാക്യം 25 പറയുന്നു, "എന്നാൽ പുരുഷാരത്തെ പുറത്താക്കിയശേഷം അവൻ അകത്തു പ്രവേശിച്ച് അവളുടെ കൈക്കു പിടിച്ചു, ബാലിക എഴുന്നേറ്റു." ഇതിലൂടെ നാം കാണുന്നത് കർത്താവായ യേശു യെഹൂദന്മാരെ എഴുന്നേല്പിക്കുവാൻ ആഗ്രഹിച്ചുവെന്നും എന്നാൽ അവർക്ക് വിശ്വാസം ഉണ്ടായിരുന്നില്ലെന്നും ആണ്. ഇത് ജാതികൾക്ക് രക്ഷ സ്വീകരിക്കുവാൻ കർത്താവിനെ ബന്ധപ്പെടുന്നതിന് ശ്രേഷ്ഠമായ ഒരു അവസരം നൽകി. ജാതികളുടെ രക്ഷയുടെ നിറവിനുശേഷം കർത്താവായ യേശു യിസ്രായേൽഗൃഹത്തിൽ എത്തുകയും മരിച്ചവരായ എല്ലാ യെഹൂദന്മാരും സൗഖ്യമാക്കപ്പെടുകയും ചെയ്യും.

## D. കുരുടന്മാരുടെയും ഊമന്റെയും സൗഖ്യം

പ്രമാണിയുടെ മകളെ ഉയിർപ്പിച്ച ഉടനെ, രണ്ടു കുരുടന്മാരും ഒരു ഊമനും കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടു (വാ. 27-33).

## 1. രണ്ടു കുരുടന്മാരുടെ സൗഖ്യം

27 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ നമുക്ക് രണ്ടു കുരുടന്മാരുടെ സൗഖ്യമുണ്ട്. കർത്താവായ യേശു കടന്നുപോകുമ്പോൾ "രണ്ടു കുരുടന്മാർ, ദാവീദുപുത്രാ, ഞങ്ങളോട് കരുണ ഉണ്ടാകേണമേ എന്നു നിലവിളിച്ചുകൊണ്ട് അവനെ പിന്തുടർന്നു." അന്ധത ദൈവത്തെയും അവനുമായി ബന്ധപ്പെട്ട കാര്യങ്ങളെയും കാണുന്നതിലുള്ള കാഴ്ചയുടെ അഭാവത്തെ സൂചിപ്പിക്കുന്നു (2 കൊരി. 4:4; വെളി. 3:18). ഈ രണ്ടു കുരുടന്മാർ കർത്താവിനെ ദാവീദു പുത്രനെന്നു വിളിച്ചു. സഹസ്രാബ്ദരാജ്യത്തിൽ, അതായത് മിശിഹൈക രാജ്യമായ ദാവീദിന്റെ പുനഃസ്ഥാപിക്കപ്പെട്ട കൂടാരത്തിൽ (പ്രവൃ. 15:16) യെഹൂദന്മാർ ക്രിസ്തുവിനെ ദാവീദിന്റെ പുത്രനായി തിരിച്ചറിയുകയും അവരുടെ അന്ധത സൗഖ്യമാക്കപ്പെടുകയും ചെയ്യും. ഇത് ഈ രീതിയിൽ രണ്ടു കുരുടന്മാർ ക്രിസ്തുവിനെ തിരിച്ചറിഞ്ഞതിലൂടെ മുൻകുറിക്കപ്പെടുന്നു. പ്രമാണിയുടെ മകളെയും (വാ. 25), പത്രൊസിന്റെ അമ്മാവിയമ്മയെയും പോലെ (8:14-15)രണ്ടു കുരുടന്മാരും കർത്താവിന്റെ നേരിട്ടുള്ള സ്പർശനത്താൽ വീട്ടിൽവച്ച് സൗഖ്യമാക്കപ്പെട്ടു (വാ. 29). കുരുടന്മാരുടെ കണ്ണുകൾ തുറന്നത് നാം ദൈവത്തെയും ആത്മിക കാര്യങ്ങളെയും കാണുന്നതിനുള്ള ആന്തരിക കാഴ്ചയുടെ പ്രത്യുദ്ധാരത്തെ സൂചിപ്പിക്കുന്നു (പ്രവൃ. 9:17-18; 26:18; എഫെ. 1:18; വെളി. 3:18).

## 2. ഭൂതഗ്രസ്തനായ ഊമന്റെ സൗഖ്യം

32-ഉം 33-ഉം വാക്യങ്ങളിൽ ഭൂതഗ്രസ്തനായ ഊമന്റെ സൗഖ്യത്തെ നാം കാണുന്നു. ഭൂതബാധയാലുണ്ടായ മൂകത, ഊമ വിഗ്രഹങ്ങളെ ആരാധിക്കുന്നതുമൂലം (1 കൊരി. 12:2) ദൈവത്തിനുവേണ്ടി സംസാരിക്കുവാനും (യെശ. 56:10) ദൈവത്തെ സ്തുതിക്കുവാനുമുള്ള (യെശ. 35:6) കഴിവില്ലായ്മയെ സൂചിപ്പിക്കുന്നു. ആത്മാവിൽ കർത്താവിനാൽ നിറഞ്ഞിരിക്കുന്നതിലൂടെ (എഫെ. 5:18-19) സംസാരിക്കുവാനും സ്തുതിക്കുവാനുമുള്ള പ്രാപ്തിയുടെ പ്രത്യുദ്ധാരത്തെ ഊമന്റെ സംസാരം സൂചിപ്പിക്കുന്നു.

## 3. സഹസ്രാബ്ദത്തിന്റെ നിഴൽ

കുരുടന്മാരുടെയും ഊമന്റെയും സൗഖ്യം സഹസ്രാബ്ദത്തിന്റെ സമയത്ത് ഭൂമിയിലുള്ള ജനത്തിനുള്ള പുനഃസ്ഥാപനത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, ഈ സൗഖ്യങ്ങൾ സഹസ്രാബ്ദത്തിന്റെ ഒരു നിഴലാണ്. സഹസ്രാബ്ദത്തിൽ എല്ലാ കുരുടന്മാരും കാണുകയും, ഊമന്മാരുടെ വായ്കൾ തുറക്കപ്പെട്ടിരിക്കുകയും ചെയ്യും. യെശയ്യാവ് 35:5-6 പറയുന്നു, "അന്ന് കുരുടന്മാരുടെ

കണ്ണ് തുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്ന് മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും." കുരുടർ ദൈവത്തിന്റെ തേജസ്സ് കാണുകയും, ഊമർ ദൈവത്തിന്റെ തേജസ്സിനെക്കുറിച്ച് സംസാരിക്കുകയും ചെയ്യും. അവർ നിരന്തരമായി അവനെ സ്തുതിക്കും. അതുകൊണ്ട് സഹസ്രാബ്ദം പുനഃസ്ഥാപനത്തിന്റെ ഒരു സമയം, ഉണർവിന്റെ ഒരു സമയം, ആയിരിക്കും. ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു ഉണർവ് ഉള്ളപ്പോഴെല്ലാം കുരുടായ കണ്ണുകൾ തുറക്കപ്പെടുകയും, മൂകമായ വായ്കൾ തുറക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെയുള്ള ഒരു ഉണർവിനുമുമ്പ് നിരവധി ക്രിസ്ത്യാനികൾ ദൈവത്തെയോ ദൈവത്തിന്റെ കാര്യങ്ങളെയോ കാണുവാൻ പ്രാപ്തിയില്ലാത്ത കുരുടന്മാരും, ദൈവത്തിനുവേണ്ടി ഒരു വാക്കു സംസാരിക്കുവാൻ പ്രാപ്തിയില്ലാത്ത ഊമന്മാരും ആണ്. ഇന്ന് സംഘടനകളിലുള്ള വരോട് പ്രാർഥിക്കുവാൻ ആവശ്യപ്പെടുന്നുവെങ്കിൽ, അനേകരും അത് ചെയ്യുവാൻ അപ്രാപ്തരാണ്; അവർ പറയും, "ഇത് എന്റെ ജോലിയല്ല, എന്റെ തൊഴിലല്ല. പാസ്റ്ററിനോട് പ്രാർഥിക്കുവാൻ ആവശ്യപ്പെടുക." ഒരു ഊമ ഭൂതത്താൽ അവർ പിടിക്കപ്പെട്ടിരിക്കുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. നാം ഊമ വിഗ്രഹങ്ങളെയല്ല സേവിക്കുന്നതെന്ന് 1 കൊരിന്ത്യർ 12 വെളിപ്പെടുത്തുന്നു. അങ്ങനെ, നാം സംസാരിക്കുന്നവർ, തിളച്ചുപൊങ്ങുന്നവർ ആയിരിക്കണം. ദൈവത്തിന്റെ കാര്യങ്ങൾ കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടുകയും, അവനെ സ്തുതിക്കുവാനും അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാനും നമ്മുടെ വായ്കൾ തുറക്കപ്പെടുകയും ചെയ്തിരിക്കുന്നു. നാം എല്ലാവരും ഇത്തരത്തിലുള്ള വ്യക്തിയായിരിക്കണം. ഈ സൗഖ്യം വരാനിരിക്കുന്ന സഹസ്രാബ്ദത്തിന്റെ ഒരു നിഴൽ, ഒരു ചെറുപതിപ്പ് ആണ്.

### *4. രാജാവിനെ പരീശന്മാർ തിരസ്കരിക്കുന്നു*

വാക്യം 34 പറയുന്നു, "എന്നാൽ പരീശന്മാർ, ഭൂതങ്ങളുടെ അധിപനാൽ അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു." ഭൂതങ്ങളുടെ അധിപൻ ബെയെത്സെബൂൽ എന്നു വിളിക്കപ്പെടുന്ന പിശാചാണ്. പരീശന്മാരാലുള്ള ദൈവദൂഷണപരമായ ഈ വാക്ക് യെഹൂദമതത്തിന്റെ നേതാക്കന്മാർ സ്വർഗീയ രാജാവിനെ തിരസ്കരിച്ചതിന്റെ ശക്തമായ ഒരു തുടർച്ചയാണ്.

## രാജാവിന്റെ ശുശ്രൂഷയുടെ വികാസം

## (1)

**ഇപ്പോൾ** നാം രാജാവിന്റെ ശുശ്രൂഷയുടെ വികാസത്തിലേക്കു വരുന്നു (9:35—10:15).

## I. മേയ്പിന്റെയും വിളവെടുപ്പിന്റെയും ആവശ്യകത

ഒമ്പതാം അധ്യായത്തിലുള്ള രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച അവനെ വെളിപ്പെടുത്തുവാൻ പ്രാപ്തമാക്കുന്ന മറ്റൊരു സാഹചര്യത്തെ ഉളവാക്കി. രക്തസ്രവമുണ്ടായിരുന്ന സ്ത്രീയുടെ സൗഖ്യത്തിനും, ചെറിയ പെൺകുട്ടിയുടെ ഉയിർപ്പിനും, കുരുടന്റെയും ഊമന്റെയും സൗഖ്യത്തിനുംശേഷം, കർത്താവിനെ ഇടയനായും കൊയ്ത്തിന്റെ കർത്താവായും വെളിപ്പെടുത്തി.

### A. ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും ചെയ്തുകൊണ്ട് രാജാവ് എല്ലാ പട്ടണങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും സഞ്ചരിക്കുന്നു

വാക്യം 35 പറയുന്നു, "യേശു അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും സകല വ്യാധിയെയും സകല ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും എല്ലാ പട്ടണങ്ങളും എല്ലാ ഗ്രാമങ്ങളും ചുറ്റിസഞ്ചരിച്ചു." ഈ വാക്യത്തിലെ സകല വ്യാധിയും സകല ദീനവും ആത്മിക രോഗത്തെ സൂചിപ്പിക്കുന്നു.

### B. ഇടയനില്ലാത്ത ആടുകളെപ്പോലെയുള്ള ജനത്തെ സംബന്ധിച്ച് രാജാവിന് മനസ്സലിവുണ്ടാകുന്നു

വാക്യം 36 പറയുന്നു, "പുരുഷാരത്തെ കണ്ടിട്ട് അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരും ആയതിനാൽ അവരെക്കുറിച്ച് അവന് മനസ്സലിവുണ്ടായി." സ്വർഗീയ രാജാവ് യിസ്രായേല്യരെ ആടുകളായും അവനെ ഇടയനായും കണക്കാക്കിയിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ക്രിസ്തു ഒന്നാം പ്രാവശ്യം യെഹൂദന്മാരുടെ അടുക്കൽ വന്നപ്പോൾ അവരെ കരുതുവാൻ ഇടയനില്ലാത്തതുകൊണ്ട് അവർ കുഷ്ഠരോഗികളും, പക്ഷവാതക്കാരും, ഭൂതഗ്രസ്തരും, എല്ലാ രീതിയിലും പരിതാപാർഹരും ആയിരുന്നു. ഇപ്പോൾ തന്റെ സ്വർഗീയരാജ്യം സ്ഥാപിക്കാനുള്ള തന്റെ രാജകീയ ശുശ്രൂഷയിൽ അവൻ അവരെ ഒരു വൈദ്യനായി മാത്രമല്ല, യെശയ്യാവ് 53:6-ലും 40:11-ലും പ്രവചിച്ചിട്ടുള്ളതുപോലെ ഒരു ഇടയനായും അവർക്ക് ശുശ്രൂഷ ചെയ്തു.

വാക്യം 36-ൽ ചിത്രീകരിച്ചിരിക്കുന്ന സാഹചര്യത്തിന്റെ നടുവിൽ കർത്താവ് അവനെത്തന്നെ ഒരു ഇടയനായി വെളിപ്പെടുത്തി. ഇത് കൂടുതലായ ഒരു വെളിപാടാണ്. അവൻ വൈദ്യനും മണവാളനും മാത്രമല്ല, ഇടയനും ആണ്. അവന്റെ ശുശ്രൂഷയുടെ തുടർച്ചയില്ലാതെ, ഈ പരിതസ്ഥിതി ഉളവാക്കപ്പെടുമായിരുന്നില്ല. അതുകൊണ്ട്, ക്രിസ്തുവിനെ നമുക്ക് വെളിപ്പെടുത്തേണ്ടതിന് ഒരു

പ്രത്യേകപരിതസ്ഥിതിയെ ഉളവാക്കേണ്ടതിനുള്ള ശുശ്രൂഷ നമുക്ക് ഉണ്ടായിരിക്കണം. ചുങ്കക്കാരും പാപികളും പങ്കെടുത്ത വലിയ വിരുന്ന് വൈദ്യനായി അവനെത്തന്നെ വെളിപ്പെടുത്തുവാൻ കർത്താവിന് ഒരു ശ്രേഷ്ഠമായ അവസരമായിരുന്നു. കൂടാതെ, അനേകർ ഒരുമിച്ചിരുന്ന് വിരുന്ന് ആസ്വദിക്കുകയും ഭക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നത് മണവാളനായും, പുതിയ തുണിയായും, പുതിയ വീഞ്ഞായും, പുതിയ തുരുത്തിയായും അവനെത്തന്നെ വെളിപ്പെടുത്താനുള്ള അവസരം കർത്താവിനു നൽകി. പിന്നീട് വാക്യം 36-ൽ ഇടയനില്ലാത്ത ആടുകളെപ്പോലെ ജനം വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരുമായി കണ്ടതുകൊണ്ട് അവരെക്കുറിച്ച് അവന് മനസ്സലിവുണ്ടായപ്പോൾ അവനെ ഇടയനായി വെളിപ്പെടുത്തുവാൻ അവനു കഴിഞ്ഞു.

## C. കൊയ്ത്ത് വളരെയും വേലക്കാർ ചുരുക്കവും ആകുന്നു

വാക്യം 37-ൽ കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "കൊയ്ത്ത് വളരെ ഉണ്ട്, എന്നാൽ വേലക്കാർ ചുരുക്കം." സ്വർഗീയ രാജാവ് ജനത്തെ ആടുകളായി മാത്രമല്ല, വിളവായും കണക്കാക്കി. ആടുകൾക്ക് മേയ്ച്ചും വിളകൾക്ക് വിളവെടുപ്പും ആവശ്യമാണ്. യിസ്രായേൽരാഷ്ട്രത്തിന്റെ നേതാക്കന്മാർ സ്വർഗീയ രാജാവിനെ തിരസ്കരിച്ചെങ്കിലും വിളവെടുപ്പ് ആവശ്യമായിരുന്ന ഒരു നല്ല കൂട്ടം ജനത്തിനിടയിൽ ഉണ്ടായിരുന്നു.

Mon

## D. കൊയ്ത്തിലേക്ക് വേലക്കാരെ തള്ളിവിടാൻ കൊയ്ത്തിന്റെ കർത്താവിനോട് അപേക്ഷിക്കുന്നു

സ്വർഗീയ രാജ്യത്തിന്റെ രാജാവ് അവനെ ആടുകളുടെ ഇടയനായി മാത്രമല്ല, കൊയ്ത്തിന്റെ കർത്താവായും കണക്കാക്കി. വളരുവാനും പെരുകുവാനും കഴിയുന്ന ജീവനുള്ള കാര്യങ്ങളെക്കൊണ്ട് അവന്റെ രാജ്യം സ്ഥാപിക്കപ്പെടുന്നു. അവനാണ് ഈ വിളയുടെ ഉടമസ്ഥനായ കർത്താവ്. നാം ആട്ടിൻകൂട്ടവും വിളകളുമാണ്. ആട്ടിൻകൂട്ടം ജീവനുള്ള മൃഗങ്ങളെയും വിള ജീവനുള്ള സസ്യാദികളെയും കൊണ്ടുള്ളതാണ്. കർത്താവായ യേശുവിന്റെ കൈക്കീഴിൽ യാതൊന്നും ജീവനില്ലാത്തതല്ല. ജീവനില്ലാത്ത കാര്യങ്ങൾക്കുവേണ്ടിയല്ല, മറിച്ച് ജീവനുള്ള കാര്യങ്ങൾക്കുവേണ്ടി അവൻ കരുതുന്നു. ഈ സ്വർഗീയ രാജാവിന്റെ കരുതലിൻകീഴിലുള്ള സകലതും ജീവനുള്ളതാണ്.

കർത്താവായ യേശു കൊയ്ത്തിന്റെ കർത്താവാണെന്നുള്ള ഒരു ദർശനം നാം എല്ലാവരും കാണേണ്ടത് ആവശ്യമാണ്. തന്റെ കൊയ്ത്തിലേക്ക് വേലക്കാരെ അവൻ തള്ളിവിടേണ്ടതിന് കൊയ്ത്തിന്റെ കർത്താവിനോട് അപേക്ഷിക്കുവാൻ വാക്യം 38-ൽ കർത്താവു നമ്മോടു പറഞ്ഞു. ഒന്നാമത് ദൈവത്തിന് നിർവഹിക്കുവാൻ

തന്റെ വ്യവസ്ഥയിൽ ഒരു പദ്ധതിയുണ്ട്. അതിനുശേഷം തന്റെ ജനം അതിനുവേണ്ടി അപേക്ഷിക്കുവാൻ, പ്രാർഥിക്കുവാൻ അവന്റെ വ്യവസ്ഥ ആവശ്യപ്പെടുന്നു. അവരുടെ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതിലൂടെ അവന്റെ പദ്ധതിയെ സംബന്ധിച്ച് അവർ പ്രാർഥിച്ചത് അവൻ നിർവഹിക്കും. വേലക്കാർക്കുവേണ്ടിയുള്ള ആവശ്യം നാം സംവേദിക്കുന്ന മിക്ക സമയങ്ങളിലും സഹായത്തി നുവേണ്ടിയുള്ള വിളി നാം മുഴക്കുന്നു. എന്നാൽ ഇപ്പോൾ മുതൽ വേലക്കാർക്കുവേണ്ടിയുള്ള ആവശ്യം സംവേദിക്കുമ്പോഴൊ ക്കെയും, "കർത്താവേ, ഇതാ നിന്റെ കൊയ്ത്ത്. നീയാണ് കൊയ്ത്തിന്റെ കർത്താവ്. ചില വിളവെടുപ്പുകാരെ തള്ളിവിടേണ്ടതിന് ഞങ്ങൾ നിന്നോട് വിളിച്ചപേക്ഷിക്കുന്നു. കർത്താവേ, നിന്റെ കൊയ്ത്തിലേക്ക് കൂടുതൽ വിളവെടുപ്പുകാരെ അയയ്ക്കേണമേ" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ കൊയ്ത്തിന്റെ കർത്താവിനോട് ഒന്നാമതായി പ്രാർഥിക്കണം. ഇങ്ങനെ പ്രാർഥിക്കുന്നത് ഒരു വ്യത്യാസം ഉണ്ടാക്കും. ഇങ്ങനെ പ്രാർഥിക്കുന്നത്, രാജകീയനും ഇടയനുമായ നമ്മുടെ ക്രിസ്തു കൊയ്ത്തിന്റെ കർത്താവാണെന്ന ഒരു ദർശനം നാം കണ്ടുവെന്ന് അർഥമാക്കുന്നു. കർത്താവ് കൊയ്യുന്നവരെ കൊയ്ത്തിലേക്ക് അയയ്ക്കണമെന്ന് നാം പ്രാർഥിക്കുമ്പോഴെല്ലാം നിങ്ങൾ അവനെ വളരെയധികം മാനിക്കുന്നു. നിങ്ങളുടെ വേലയിൽ നിങ്ങളെ സഹായിക്കുവാൻ ജനത്തെ ക്ഷണിക്കുന്നതിൽനിന്നും ഇത് എത്രയോ വ്യത്യാസമാണ്! നിങ്ങൾ അത് ചെയ്യുമ്പോൾ നിങ്ങൾ കർത്താവിനെ കൊയ്ത്തിന്റെ കർത്താവായി മാനിക്കുന്നില്ല. മറിച്ച്, അത് അവന്റെ കൊയ്ത്തിന്റെയല്ല, നിങ്ങളുടെ വേലയുടെ ഒരു വിഷയമാകുന്നു. നിങ്ങൾ ആ വേലയുടെ യജമാനനായിത്തീരുകയും, അവനെ കൊയ്ത്തിന്റെ കർത്താവായി കണക്കാക്കാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, "കർത്താവേ, നീയാണ് കൊയ്ത്തിന്റെ കർത്താവ്. ഈ വയലിലെ വേല നിന്റേതാണ്. ഈ കൊയ്ത്ത് നിന്റെ വിളവാണ്. നിന്റെ വിളവിനായി നിന്നോട് ഞങ്ങൾ വിളിച്ചപേക്ഷി ക്കുന്നു. കർത്താവേ, നിന്റെ വിളവെടുപ്പുകാരെ അയയ്ക്കേണമേ" എന്ന് അവനെ നാം വിളിച്ചപേക്ഷിച്ചു പറയണം.

തന്റെ സ്ഥലത്തുള്ള സഭാജീവിതം മനോഹരമാണെന്നും ഒരു സന്ദർശനത്തിനായി ഞാൻ അവിടെ പോകണമെന്നും അടുത്ത കാലത്ത് ഒരു സഹോദരൻ എന്നോടു പറഞ്ഞു. ഈ സഹോദരന്റെ സംസാരം നല്ലതായിരുന്നെങ്കിലും, അത് ഏറെക്കുറെ സ്വാഭാവികമായിരുന്നു. അതിന് യാതൊരു ദർശനവും ഉണ്ടായിരുന്നില്ല. എന്നെ ക്ഷണിക്കുന്നതിനുപകരം, ഈ സഹോദരൻ ഇങ്ങനെ പ്രാർഥിക്കണമായിരുന്നു, "കർത്താവേ, എന്റെ സ്ഥലത്തുള്ള സഭ സ്വർഗീയ രാജാവിന്റെ കൊയ്ത്താണ്. കൊയ്ത്തിന്റെ കർത്താവേ, വിളവെടുപ്പുകാരെ അയയ്ക്കുവാൻ ഞാൻ നിന്നോട് വിളിച്ചപേക്ഷിക്കുന്നു." നിങ്ങളുടെ സ്ഥലത്തുള്ള സഭ നിങ്ങളുടെ

കൊയ്ത്താണോ അതോ അവന്റെ കൊയ്ത്താണോ? അത് കർത്താവിന്റെ കൊയ്ത്തായതിനാൽ അധ്വാനിക്കുവാൻ അവിടേക്ക് പോകുവാൻ മറ്റുള്ളവരെ ക്ഷണിക്കുന്നതിന് നിങ്ങൾക്ക് യാതൊരു അവകാശവും ഇല്ല. ഇങ്ങനെ ചെയ്യുന്നത് കർത്താവിനുള്ള ബഹുമാനത്തെ അതിക്രമിച്ചു കടക്കുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിൽ നിങ്ങൾ കർത്താവല്ലെന്ന് തിരിച്ചറിയുവാൻ നിങ്ങൾ പരാജയപ്പെടുന്നു. അവനാണ് കൊയ്ത്തിന്റെ കർത്താവ്. നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന ഏക കാര്യം വിളവെടുപ്പുകാരെ തള്ളിവിടുവാൻ അവനോട് ആവശ്യപ്പെടുക മാത്രമാണ്. കർത്താവിന്റെ ഈ വശത്തെ സംബന്ധിച്ച് നമുക്ക് ഇനിയും വെളിപാട് ആവശ്യമാണ്.

കർത്താവിന്റെ വാക്കനുസരിച്ച് പന്ത്രണ്ടു ശിഷ്യന്മാർ പ്രാർഥിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. വേദപുസ്തകം ഇതു പറയുന്നില്ലെങ്കിലും, അവർ പ്രാർഥിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു കാര്യത്തിനുവേണ്ടി നിങ്ങൾ പ്രാർഥിക്കുമ്പോഴെല്ലാം നിങ്ങൾ പ്രാർഥിച്ചത് നിർവഹിക്കുവാൻ കർത്താവ് നിങ്ങളെ അയയ്ക്കുമെന്നത് വേദപുസ്തകത്തിലെ ഒരു തത്ത്വമാണ്. വിളവെടുപ്പുകാരെ അയയ്ക്കുവാൻ കൊയ്ത്തിന്റെ കർത്താവിനോട് പന്ത്രണ്ടു ശിഷ്യന്മാർ പ്രാർഥിക്കുകയും, അവരെ അയച്ചുകൊണ്ട് കർത്താവ് അവരുടെ പ്രാർഥനയ്ക്ക് ഉത്തരം നൽകുകയും ചെയ്തു. പ്രാർഥിക്കുന്നവൻ അയയ്ക്കപ്പെട്ടവനായിരിക്കും. ഉദാഹരണത്തിന്, മൂപ്പന്മാരുടെ കുറവിനെ സംബന്ധിച്ച് നിങ്ങൾ കർത്താവിനോട് പ്രാർഥിച്ചേക്കാം. (എന്നാൽ, കർത്താവ് നിങ്ങളുടെ പ്രാർഥനയ്ക്ക് ഉത്തരം നൽകാതിരിക്കേണ്ടതിന്, നിങ്ങളുടെ അതിമോഹമനുസരിച്ച് നിങ്ങൾ പ്രാർഥിക്കരുത്.) നിങ്ങൾക്ക് ഇങ്ങനെ പ്രാർഥിക്കാം, "കർത്താവേ, മൂപ്പന്മാരുടെ ആവശ്യമുണ്ട്." ചില നാളുകൾക്കുശേഷം കർത്താവ് നിങ്ങളോടു പറയും, "നീ ആയിക്കൂടെ?" ഇതാണ് തത്ത്വം. പന്ത്രണ്ടുപേർ പ്രാർഥിക്കുകയും, ഒടുവിൽ ആ പന്ത്രണ്ടുപേർ അയയ്ക്കപ്പെടുകയും ചെയ്തു.

## II. പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ നിയമനം

10:1-4-ൽ നമുക്ക് പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ നിയമനമുണ്ട്. പത്താം അധ്യായത്തിനുമുമ്പ് കർത്താവ് തന്റെ രാജകീയ ശുശ്രൂഷ ഒറ്റയ്ക്ക് നിർവഹിച്ചു. എന്നാൽ ഈ അധ്യായത്തിന്റെ ആരംഭം മുതൽ ശുശ്രൂഷയുടെ വികാസത്തിന്, വ്യാപനത്തിന് പന്ത്രണ്ട് അപ്പൊസ്തലന്മാർ കൂട്ടിച്ചേർക്കപ്പെട്ടു.

### A. ഭൂതങ്ങളെ പുറത്താക്കുവാനും രോഗങ്ങളെ സൗഖ്യമാക്കുവാനും അവർക്ക് അധികാരം നൽകുന്നു

വാക്യം 1 പറയുന്നു, "പിന്നെ അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ അടുത്തു വിളിച്ചു അവർക്ക് അശുദ്ധാത്മാക്കളെ

പുറത്താക്കുവാൻ തക്കവണ്ണം അവയുടെമേലും സകല രോഗവും സകല ദീനവും സൗഖ്യമാക്കുവാനും അധികാരം കൊടുത്തു." അശുദ്ധാത്മാക്കളെ പുറത്താക്കുവാനും രോഗങ്ങളെ സൗഖ്യമാക്കുവാനുമുള്ള ഇവിടെ പറയുന്ന അധികാരം വരുവാനുള്ള യുഗത്തിന്റെ ശക്തിയുടെ (എബ്രാ. 6:5), അതായത് സഹസ്രാബ്ദത്തിന്റെ, ഒരു മുൻരുചിയാണ്; ആ യുഗത്തിൽ സകല ദൂതങ്ങളും പുറത്താക്കപ്പെടുകയും എല്ലാ രോഗങ്ങളും സൗഖ്യമാക്കപ്പെടുകയും ചെയ്യും (യെശ. 35:5-6).

## B. രണ്ടുപേർ വീതമുള്ള ജോടിയാക്കുന്നു

2 മുതൽ 4 വരെയുള്ള വാക്യങ്ങളിൽ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ നൽകിയിരിക്കുന്നു. അപ്പൊസ്തലൻ അയയ്ക്കപ്പെട്ട ഒരുവനാണ്. ഇപ്പോൾ പന്ത്രണ്ട് അപ്പൊസ്തലന്മാർ (വാ. 1) അയയ്ക്കപ്പെടണമായിരുന്നു, അങ്ങനെ പന്ത്രണ്ട് അപ്പൊസ്തലന്മാരായിത്തീരുന്നു. പന്ത്രണ്ട് അപ്പൊസ്തലന്മാരെ അയയ്ക്കുന്നതിൽ കർത്താവ് അവരെ ജോടികളായി ക്രമീകരിച്ചു: ശീമോൻ പത്രൊസും അന്ത്രെയാസും, യാക്കോബും യോഹന്നാനും, ഫിലിപ്പോസും ബർത്തൊലൊമായിയും, തോമാസും മത്തായിയും, അൽഫായുടെ മകൻ യാക്കോബും തദ്ദായിയും, കനാനേയനായ ശിമോനും ഈസ്കര്യോത്താ യൂദായും. ഈ തത്ത്വം നമ്മിൽ മതിപ്പുള്ളവാക്കണം. നാം എല്ലാവരും ജോടികളാക്കപ്പെടണം. നമ്മിൽ ആരും, പ്രത്യേകിച്ചും യുവാക്കൾ, തനിച്ച് ഒരിടത്തും പോകരുത്. നമ്മോടു യോജിക്കുന്ന മറ്റൊരുവൻ നമുക്കാവശ്യമാണ്. നിങ്ങളുടെ കണ്ണുകളിലേക്കും, ചെവികളിലേക്കും, നാസാരന്ധ്രങ്ങളിലേക്കും, ചുണ്ടുകളിലേക്കും, ചുമലുകളിലേക്കും, കൈത്തണ്ടുകളിലേക്കും, കൈകളിലേക്കും, കാലുകളിലേക്കും, പാദങ്ങളിലേക്കും നോക്കുക: നിങ്ങളുടെ ശരീരം ജോടിയായി ക്രമീകരിച്ചിരിക്കുന്നു. ഒരു സ്ഥലത്തേക്കു പോകുവാൻ കർത്താവ് നിങ്ങളെ ഭാരപ്പെടുത്തുമ്പോഴെല്ലാം നിങ്ങൾ തനിച്ചു പോകരുത്. മറിച്ച്, ജോടികളായി പോകുക. നിങ്ങളോടു യോജിക്കുന്ന മറ്റൊരുവൻ ഇല്ലെങ്കിൽ, നിങ്ങൾ അനുഗ്രഹം നഷ്ടപ്പെടുത്തും. അനുഗ്രഹം പ്രാപിക്കുന്നതിനായി നിങ്ങൾ ജോടികളാക്കപ്പെടണം. ഇത് എന്റെ അഭിപ്രായമല്ല; ഇത് കർത്താവിന്റ വ്യവസ്ഥയാണ്. തന്മൂലം, നാം എല്ലാവരും ജോടികളാക്കപ്പെടുവാനുള്ള, മറ്റുള്ളവരുമായി യോജിക്കുവാനുള്ള പാഠം പഠിക്കണം.

മർക്കൊസും ലൂക്കൊസും മത്തായിയുടെ പേര് തോമാസിനു മുമ്പായി ചേർത്തു (മർക്കൊ. 3:18; ലൂക്കൊ. 6:15), എന്നാൽ ഈ പുസ്തകത്തിന്റെ എഴുത്തുകാരനായ മത്തായി തന്റെ പേർ തോമാസിനുശേഷം എഴുതി. ഇത് അവന്റെ

താഴ്മയെ കാണിക്കുന്നു. വാക്യം 3-ൽ മത്തായി, ഒരുപക്ഷെ കൃതജ്ഞതയോടെ തന്റെ രക്ഷയെ ഓർത്തുകൊണ്ടായിരിക്കണം സ്വയം അവനെ ചുങ്കക്കാരനെന്ന് വിളിച്ചത്. നിന്ദിക്കപ്പെട്ടവനും പാപിയുമായ ഒരു ചുങ്കക്കാരനുപോലും സ്വർഗീയ രാജ്യത്തിന്റെ രാജാവിന്റെ ഒരു അപ്പൊസ്തലനായിത്തീരുവാൻ കഴിഞ്ഞു. എന്തോരു രക്ഷ!

കനാനേയനായ ശിമോൻ കർത്താവിനെ ഒറ്റിക്കൊടുത്ത ഈസ്കര്യോത്താ യൂദായോടുകൂടെ ജോടിയാക്കപ്പെട്ടു. "കനാനേയൻ," തീക്ഷ്ണതയുള്ള എന്നർഥം വരുന്ന *കന്ന* എന്ന എബ്രായ പദത്തിൽനിന്നും വരുന്നു; ഇത് കനാൻദേശത്തെയല്ല, തീക്ഷ്ണതയുള്ളവർ എന്നറിയപ്പെടുന്ന ഗലീലയിലെ അവാന്തര വിഭാഗത്തെ സൂചിപ്പിക്കുന്നു (ലൂക്കൊ. 6:15; പ്രവൃ. 1:13 കാണുക). ഈസ്കര്യോത്താ ഒരുപക്ഷേ എബ്രായ ഭാഷയിൽനിന്നുള്ള ഒരു യവന പദമാണ്. അത് അർഥമാക്കുന്നത് കെരീയോത്തിൽനിന്നുള്ള മനുഷ്യൻ എന്നാണ്. കെരീയോത്ത് യെഹൂദയിലായിരുന്നു (യോശു. 15:25). അങ്ങനെ, യൂദാ മാത്രമായിരുന്നു യെഹൂദയിൽ നിന്നുള്ളവൻ; മറ്റുള്ളവരെല്ലാം ഗലീലക്കാരായിരുന്നു.

## III. യിസ്രായേൽഗൃഹത്തിലേക്ക് രാജ്യത്തിന്റെ സുവിശേഷം വ്യാപിപ്പിക്കാനുള്ള മാർഗം

### A. രാജാവ് പന്ത്രണ്ട് അപ്പൊസ്തലന്മാരെ യിസ്രായേൽഗൃഹത്തിലേക്കു മാത്രം അയയ്ക്കുന്നു

10:5-15-ൽ നമുക്ക് യിസ്രായേൽഗൃഹത്തിലേക്ക് രാജ്യത്തിന്റെ സുവിശേഷം വ്യാപിപ്പിക്കാനുള്ള മാർഗമുണ്ട്. ജാതികളുടെ വഴിയിലേക്കോ ശമര്യക്കാരുടെ പട്ടണത്തിലേക്കോ പോകാതെ, "യിസ്രായേൽഗൃഹത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു" മാത്രം പോകുവാൻ പന്ത്രണ്ടു ശിഷ്യന്മാരോട് കർത്താവായ യേശു ആജ്ഞാപിക്കുന്നത് 5-ഉം 6-ഉം വാക്യങ്ങളിൽ നാം കാണുന്നു. രാഷ്ട്രങ്ങൾ ജാതികളും, ശമര്യക്കാർ ജാതികളുടെയും യെഹൂദന്മാരുടെയും ഒരു മിശ്രണവും ആയിരുന്നു (2 രാജാ. 17:24; എസ്രാ 4:10; യോഹ. 4:9).

പന്ത്രണ്ട് അപ്പൊസ്തലന്മാർ യിസ്രായേൽഗൃഹത്തിലേക്ക് അയയ്ക്കപ്പെടുകയും, ജാതികളുടെയോ ശമര്യക്കാരുടെയോ അടുക്കൽ പോകരുതെന്ന് അവരോട് ആജ്ഞാപിക്കുകയും ചെയ്തിരുന്നു. കർത്താവിനാൽ അയയ്ക്കപ്പെട്ടവർക്ക് കർത്താവിന്റെ അധികാരം ഉണ്ട്. കർത്താവ് പന്ത്രണ്ടുപേരെ അയച്ചപ്പോൾ, അവൻ അവർക്ക് അധികാരം കൊടുത്തു. നാം അയയ്ക്കപ്പെടുമ്പോഴെല്ലാം കർത്താവിന്റെ അധികാരം നമ്മോടുകൂടെ ഉണ്ടെന്ന് നാം വിശ്വസിക്കണം.

### B. സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുന്നു

വാക്യം 7 പറയുന്നു, "നിങ്ങൾ പോകുമ്പോൾ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുവിൻ." ഈ സമയമായപ്പോൾപോലും സ്വർഗരാജ്യം വന്നിരുന്നില്ല, സമീപിച്ചിരുന്നതേ ഉള്ളൂ.

### C. രാജ്യത്തിന്റെ അധികാരം പ്രയോഗിക്കുന്നു

രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ അവർ അയയ്ക്കപ്പെട്ടപ്പോൾ രോഗികളെ സൗഖ്യമാക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും, കുഷ്ഠരോഗികളെ വെടിപ്പാക്കുവാനും, ഭൂതങ്ങളെ പുറത്താക്കുവാനും അപ്പൊസ്തലന്മാരെ അധികാരപ്പെടുത്തിയിരുന്നു(വാ. 8). അവരുടെ നിയോഗത്തിൽ അവർ ഇങ്ങനെയുള്ള അധികാരം പ്രയോഗിക്കണം.

### D. വേലക്കാരൻ തന്റെ ആഹാരത്തിന് യോഗ്യനാകുന്നു

9-ഉം 10-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "നിങ്ങൾക്കായിത്തന്നെ നിങ്ങളുടെ അരവാറുകൾക്ക് സ്വർണ്ണമോ വെള്ളിയോ ചെമ്പോ ആർജ്ജിക്കരുത്. യാത്രയ്ക്ക് സഞ്ചിയോ, രണ്ട് ഉടുപ്പോ, ചെരുപ്പോ വടിയോ അരുത്; എന്തെന്നാൽ വേലക്കാരൻ തന്റെ ആഹാരത്തിന് യോഗ്യനാകുന്നു." തങ്ങളുടെ ആഹാരത്തിന് യോഗ്യരായ വേലക്കാരെന്ന നിലയിൽ പന്ത്രണ്ട് അപ്പൊസ്തലന്മാർ (ജാതികളുടെ അടുക്കലേക്കല്ല, യിസ്രായേൽഗൃഹത്തിലക്ക് അയയ്ക്കപ്പെട്ടവർ) അവരോടുകൂടെ തങ്ങളുടെ അവശ്യവസ്തുക്കൾ കൊണ്ടുപോകേണ്ട ആവശ്യമില്ല. (എന്നാൽ ജാതികളിലേക്ക് അയയ്ക്കപ്പെട്ട കർത്താവിന്റെ വേലക്കാർ ജാതികളിൽനിന്നും യാതൊന്നും സ്വീകരിക്കരുത്—3 യോഹ. 7.) യിസ്രായേൽഗൃഹം കർത്താവിനെ പൂർണ്ണമായി തിരസ്കരിച്ചപ്പോൾ ഈ തത്ത്വത്തിന് മാറ്റംവന്നു (ലൂക്കൊ. 22:35-38).

### E. അവർ പാർക്കുന്ന വീട്ടിലേക്ക് സമാധാനം കൊണ്ടുവരുന്നു

12-ഉം 13-ഉം വാക്യങ്ങൾ പറയുന്നു, "നിങ്ങൾ ആ വീട്ടിലേക്കു പ്രവേശിക്കുമ്പോൾ അതിന് വന്ദനം ചെയ്യുവിൻ. ആ വീട് യോഗ്യമെങ്കിൽ നിങ്ങളുടെ സമാധാനം അതിന്മേൽ വരട്ടെ; എന്നാൽ അത് യോഗ്യമല്ലെങ്കിൽ നിങ്ങളുടെ സമാധാനം നിങ്ങളുടെ അടുത്തേക്ക് മടങ്ങിവരട്ടെ." കർത്താവ് നമ്മെ അയയ്ക്കുമ്പോൾ നമുക്ക് സാന്നിധ്യം, സമാധാനം ഉണ്ട്. നാം അയയ്ക്കപ്പെടുന്നിടത്തെല്ലാം അധികാരവും, കർത്താവിന്റെ സാന്നിധ്യവും, സമാധാനവും നമ്മെ അനുഗമിക്കുന്നു. ഇക്കാരണത്താലാണ് അവരുടെ സമാധാനത്തിന് യോഗ്യനായ ഒരുവനുവേണ്ടി നോക്കുവാൻ കർത്താവ്

അപ്പൊസ്തലന്മാരോടു പറഞ്ഞത്. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നിങ്ങളുടെ സമാധാനത്തിന് ആരാണ് യോഗ്യനെന്ന് കാണുവാൻ നോക്കുവിൻ. അവർ നിങ്ങളെ സ്വീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾ പോകുമ്പോൾ നിങ്ങളുടെ സമാധാനം നിങ്ങളോടുകൂടെ പോരും." ഇത് വളരെ അർഥവത്താണ്. കർത്താവിന്റെ അയയ്ക്കപ്പെട്ടവരായ അപ്പൊസ്തലന്മാരെ സ്വീകരിക്കുന്നത് കർത്താവിന്റെ സാന്നിധ്യവും സമാധാനവും സ്വീകരിക്കുന്നതിനെ അർഥമാക്കുന്നു. അവരെ തിരസ്കരിക്കുന്നത് കർത്താവിന്റെ സാന്നിധ്യവും സമാധാനവും തിരസ്കരിക്കുന്നതാണ്. കർത്താവിനാൽ അയയ്ക്കപ്പെടുന്നത് അപ്രധാനമായ ഒരു കാര്യമല്ല, കാരണം അയയ്ക്കപ്പെട്ടവരെന്ന നിലയിൽ നാം കർത്താവിന്റെ പ്രതിനിധികളായിത്തീരുന്നു. നമുക്ക് അവന്റെ അധികാരവും, അവന്റെ സാന്നിധ്യവും, അവന്റെ സമാധാനവും ഉണ്ട്. നാം പോകുന്നിടത്തെല്ലാം നമ്മോടുകൂടെ ഈ കാര്യങ്ങൾ നാം കൊണ്ടുപോകുന്നു. നമ്മെ സ്വീകരിക്കുന്നവർക്ക് കർത്താവിന്റെ സാന്നിധ്യവും കർത്താവിന്റെ അനുഗ്രഹവും ഉണ്ടായിരിക്കും. ഈ രീതിയിലാണ് രാജാവിന്റെ ശുശ്രൂഷ പടരുന്നത്.

## F. തിരസ്കരിക്കുന്ന ജനത്തിന്മേലുള്ള ന്യായവിധി

14-ഉം 15-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വാക്കുകൾ കേൾക്കാതെയുമിരുന്നാൽ ആ വീട്ടിൽനിന്നോ പട്ടണത്തിൽനിന്നോ പുറത്തേക്കു പോകുമ്പോൾ നിങ്ങളുടെ പാദങ്ങളിൽനിന്ന് പൊടി കുടഞ്ഞുകളയുവിൻ. ന്യായവിധിയുടെ ദിവസത്തിൽ ആ പട്ടണത്തെക്കാൾ സൊദോം ഗമോറ ദേശത്തന് കൂടുതൽ സഹിക്കാവുന്നതാകും എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." ദൈവത്തിന്റെ ന്യായവിധിയുടെ ഫലമായുള്ള ശിക്ഷ വ്യത്യസ്ത അളവുകളിലാണെന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവിന്റെ അപ്പൊസ്തലന്മാരെയും അവരുടെ വാക്കുകളെയും തിരസ്കരിക്കുന്നത് സൊദോമിന്റെയും ഗമോറയുടെയും പാപത്തിനുള്ളതിനെക്കാൾ കൂടുതൽ ശിക്ഷയ്ക്ക് ഹേതുവായിത്തീരും.

ഇതാണ് രാജാവിന്റെ ശുശ്രൂഷ വികാസം പ്രാപിക്കാനുള്ള മാർഗ്ഗം. ഒരുവന്റെ യാത്രയിൽനിന്നും പന്ത്രണ്ടുപേരുടെ യാത്രയിലേക്ക് അത് പരന്നിരിക്കുന്നു. ശുശ്രൂഷയുടെ ഈ വ്യാപനം സ്വർഗീയ രാജാവിന്റെ അധികമായ വെളിപാടിനുള്ള മറ്റൊരു പരിതസ്ഥിതി ഉളവാക്കും. ഈ പരിതസ്ഥിതിയും വെളിപാടും പത്തും പന്ത്രണ്ടും അധ്യായങ്ങളിൽ നമുക്ക് കാണാം. അവന്റെ ശുശ്രൂഷയ്ക്കായും, അവന്റെ ശുശ്രൂഷയുടെ തുടർച്ചയ്ക്കായും, പ്രത്യേകിച്ചും അവന്റെ ശുശ്രൂഷയുടെ വ്യാപനത്തിനായും നാം കർത്താവിന് സ്തോത്രം ചെയ്യുന്നു, ശുശ്രൂഷയിലൂടെയാണ് രാജകീയ ക്രിസ്തുവിന്റെ വെളിപാടിനുള്ള പരിതസ്ഥിതി ഉളവാക്കപ്പെടുന്നത്.